(സി) റോഡിന്റെ കാര്യത്തിൽ പ്രസ്തുത പദ്ധതിക്കാലത്തെ ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഒന്നാം പദ്ധതിയുടെ പ്രാരംഭത്തിൽ അത്തരമൊരു സർവ്വേ ഗ്രാമവികസന വകുപ്പിൽ നടത്തിയിട്ടില്ല.

(ബി) 2000-2001-ലും, 2001-2002-ലുമായി 390.2 കിലോമീറ്റർ റോഡുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചത്.

(സി, ഡി) മുകളിൽ പറഞ്ഞ റോഡുകളിൽ 112.5 കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയായി. ബാക്കി റോഡുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

ബി.ഡി.ഒ. മാരുടെ നിയമനം

167 [5312] ശ്രീ. കെ. വി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പിൽ 63 പേരെ പി.എസ്.സി. ലിസ്റ്റിൽ നിന്നും ബി.ഡി.ഒ. മാരായി നിയമിച്ചതിൽ നേരിട്ടുള്ള നിയമനപ്രകാരം എത്രയെന്നും തസ്തികമാറ്റം വഴിയുള്ള നിയമനപ്രകാരം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും നടത്തുന്നത് തുല്യ അനുപാതത്തിലാണോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത നിയമനത്തിൽ അനോമിലി വന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണമെന്തെന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത നിയമനത്തിലെ അനോമിലി പരിഹരിച്ച് ഇപ്പോഴുള്ള 23 ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്രപേരെ നേരിട്ടുള്ള നിയമനപ്രകാരം നിയമിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നേരിട്ടുള്ള നിയമനപ്രകാരം 26 പേരെയും തസ്തികമാറ്റം വഴി 37 പേരെയും നിയമിച്ചിട്ടുണ്ട്.

(ബി) തുല്യ അനുപാതത്തിലാണ്.

(സി) നിയമനത്തിൽ അനോമിലി വന്നിട്ടില്ല.

(ഡി) നേരിട്ടുള്ള നിയമന പ്രകാരം 10 പേരെകൂടി നിയമിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly